## 278

### ‘The love that Jesus had’

1 എന്നെ വീണ്ടെടുപ്പാനായി എന്തൊരാശ്ചര്യസ്നേഹം കർത്തൻ
ഘോരമരണം മൂലമായ് വീരനായ് കാണിച്ചു!

അഗാധമാമവൻ സ്നേഹം നാവിനാൽ വർണ്ണിച്ചുകൂടാ
യേശു എന്നെ സ്നേഹിച്ചതോ അസാദ്ധ്യം വർണ്ണിപ്പാൻ

2 മുൾക്കിരീടം ധരിച്ചവൻ ഏറെ കഷ്ടവും ഏറ്റവൻ
എന്നും ഞാൻ ജീവിപ്പാനവൻ തൻജീവനെ വിട്ടു-

3 സമാധാനമറ്റവനായ് സമാധാനം ഞാൻ അവനിൽ
കണ്ടെത്തിയതു വർണ്ണിപ്പാൻ എന്നാൽ അസാദ്ധ്യമേ-

4 ക്രിസ്തുവിൽ കണ്ടെത്തിയേ ഞാൻ
വാസ്തവാം സന്തോഷത്തെ
മന്നിലെ സന്തോഷമപ്പോൾ ഹീനമെന്നെണ്ണുന്നു- **P.G.W.**